അന്തിമ മറുപടി : ഇടക്കാല മറുപടിയിൽ പറഞ്ഞിട്ടുള്ളത് കൂടാതെ കാസർഗോഡ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ ഓഫീസിൽ ഭാഷാ ന്യൂനപക്ഷ പരിരക്ഷ നൽകി ശ്രീ. പി. ഡി. മുരളീധരൻ പിള്ളയെ ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസറായി നിയമിച്ചിട്ടുണ്ട്.

(ഇ&എഫ്) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) ശ്രീ. ശ്രീധരൻ, എച്ച്.സി.3374, ശ്രീമതി ഹീരാദേവി വനിതാ എച്ച്.സി 723 എന്നിവർ കാസർഗോഡ് എസ്.പി. മുഖാന്തിരവും, ശ്രീ. പരമേശ്വരൻ എച്ച്.സി. 2269, ശ്രീ. വെങ്കിടാചലം എച്ച്.സി.2360, ശ്രീ. സുന്ദരേശൻ, പി.സി. 3049, ശ്രീ.ആന്റണി മുതലിമുത്തു പി.സി. 3222, ശ്രീ. മോഹനൻ പി.സി. 2862, ശ്രീ.സുധാകരൻ പി.സി.3023, ശ്രീ. പീറ്റർ തോമസ്, ജൂനിയർ സൂപ്രണ്ട് തുടങ്ങിയവർ പാലക്കാട് എസ്.പി. മുഖാന്തിരവും നൽകിയിട്ടുള്ള അപേക്ഷകൾ പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ പരിഗണനയിലാണ്.

ഭാഷാ ന്യൂനപക്ഷ പരിരക്ഷ

139 (3743) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ ഭാഷാ ന്യൂനപക്ഷക്കാർ ജില്ലാ ഓഫീസറായി നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലാ പട്ടികജാതി വികസന ഓഫീസർ തസ്തികയിലേക്ക് ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ നിയമിക്കണം എന്ന് കോടതി വിധി നിലവിലുണ്ടോ ;

(സി) എങ്കിൽ വിധിയുടെ പകർപ്പു ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ജില്ലാ പട്ടികജാതി ഓഫീസറായി ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ള ഒരാളെ നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(എഫ്) കാസർഗോഡ് താലൂക്ക് കണ്ണൂർ ജില്ലയുടെ ഭാഗമായിരുന്നപ്പോൾ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിന് കിട്ടിയ പരിരക്ഷ കാസർഗോഡ് ജില്ല നിലവിൽ വന്നതിനുശേഷം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ജില്ലാ മണ്ണ് സംരക്ഷണ കാര്യാലയത്തിൽ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലാ ഓഫീസറായി പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) കോടതി വിധി നിലവിലില്ല. എന്നാൽ ബഹു.ഹൈക്കോടതി ഒ.പി.നം.24925/2002-ലെ വിധിന്യായത്തിൽ ജില്ലാതല ഓഫീസർ തസ്തികയിലേക്ക് കെ.എസ്. ആന്റ് എസ്.എസ്.ആർ.ലെ റൂൾ 9 (ഡി) പ്രകാരമുള്ള നിയമനം നിഷേധിക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. വിധിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി&ഇ) മേൽപ്പറഞ്ഞ വിധിന്യായത്തിൽ നിർദ്ദേശിച്ചപ്രകാരം സർക്കാർ ഹർജിക്കാരനായ ശ്രീ. ചന്ദ്രശേഖരന്റെ നിവേദനം വിശദമായി പരിശോധിക്കുകയും ജില്ലാ ഓഫീസർ തസ്തികയിലേക്ക് റൂൾ 9 (ഡി) പ്രകാരം നിയമനം നടത്തേണ്ടതില്ല എന്ന് തീരുമാനിക്കുകയും, ഹർജിക്കാരന് അതനുസരിച്ച് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഇങ്ങനെയൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ

140 (3757) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ഏറ്റവും ചെറിയ വകുപ്പ് ഏതാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏറ്റവും കുറവ് ജീവനക്കാരുള്ള വകുപ്പ് ഏതാണ് ;

(സി) പതിനഞ്ചിൽ താഴെ ജീവനക്കാരുള്ള എത്ര വകുപ്പുകളുണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) സമാന സ്വഭാവമുള്ള ചെറിയ വകുപ്പുകളെ സംയോജിപ്പിച്ച് ഒറ്റ വകുപ്പാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത എത്ര വകുപ്പുകളുണ്ടെന്നും, അവ ഏതെല്ലാമെന്നും അറിയിക്കാമോ ;

(എഫ്) സർക്കാർ ജീവനക്കാരുടെ സമാന തസ്തികകളിലേയ്ക്കുള്ള അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) അന്തർവകുപ്പ് സ്ഥലം മാറ്റങ്ങളിൽ ചെറിയ വകുപ്പുകളിലും സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടില്ലാത്ത വകുപ്പുകളിലും ജോലി ചെയ്യുന്നവർക്ക് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly